# മുതിർന്നവർ മാതൃകകളാവണം

## ഡി. ബാബുപോൾ

ഒരു തഹശീൽദാർ ഓഫീസിൽ നിന്ന് മടങ്ങിയെത്തിയപ്പോൾ ധർമ്മാരങ്ങൾ വീട്ടുവിശേഷങ്ങൾ പറഞ്ഞ കൂട്ടത്തിൽ മക്കളുടെ പഠനത്തെക്കുറിച്ചും ഒരു അപ്ഡേറ്റ് നൽകി. "രാമൻകുട്ടിക്ക് ഇന്ന് രണ്ട് അടി കിട്ടി. നമ്മുടെ ആ കൃഷ്ണന്റെ മകൻ അർജ്ജുനന്റെ പെൻസിൽ മോഷ്ടിച്ചതിന്." തഹശീലദ്യം മകനെ വിളിച്ച് വിചാരണ ചെയ്തു. ഒടുവിൽ പറഞ്ഞു: "മേലാൽ മോഷ്ടിക്കരുത്. അപ്പഴപ്പോൾ മക്കൾ അച്ഛനോട് പറഞ്ഞാൽ മതി. അച്ഛൻ ആഫീസിൽ നിന്ന് എടുത്തുകൊണ്ടുവരാം, കേട്ടോ".

ആ കുട്ടി എന്ത് പാഠമാണ് പഠിക്കുന്നത്? പിടിക്കപ്പെടാൻ സാധ്യതയുള്ള ഇടങ്ങളിൽ നിന്ന് മോഷ്ടിക്കരുത്. സർക്കാരിലാവുമ്പോൾ പല പെൻസിലുകൾ ഉള്ളതിൽ ഒന്ന് എടുത്താൽ ആരും ശ്രദ്ധിക്കാൻ പോകുന്നില്ല. ഒരു വ്യക്തിയുടെ മുതൽ മോഷ്ടിച്ചാൽ ഉടൻ പരാതിയും അന്വേഷണവും ഉണ്ടാകും. പൊതുമുതൽ ഒതുക്കത്തിൽ മോഷ്ടിച്ചാൽ ആരും അറിയുകയില്ല.

ക്രിസ്തുഭഗവാൻ പണ്ടു പറഞ്ഞു, മനം തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകാത്തവൻ മോക്ഷം പ്രാപിക്കയില്ല.

എന്താണ് ശിശുവിന്റെ പ്രത്യേകതകൾ. ഒന്നാമത് അകന്മഷത, സംശുദ്ധമായ മനസ്സ്, ആരോടും പകയില്ല. രണ്ടാമത് അച്ഛനിലുള്ള പൂർണ്ണവിശ്വാസം. അച്ഛനെക്കാൾ ഉറപ്പുള്ള പാറയില്ല. മൂന്നാമത് അച്ഛനെ അനുകരിക്കുക.

നാം നിഷ്ക്കളങ്കത ലഭ്യമാക്കണം. എളുപ്പമല്ല എങ്കിലും ശ്രമിക്കണം. ഓരോ ദിവസവും രാവിലെ കട്ടിലിൽ നിന്ന് എഴുന്നേൽക്കുന്നതിന് മുൻപ് പ്രാർത്ഥിക്കുക: "സകലത്തിന്റെയും ഉടയവൻ ആയ ഈശ്വരാ, ഈ ദിവസത്തിൽ പാപമലിനതകൾ കൂടാതെ നീതിയിൽ പരിപാലിക്കുവാൻ എന്നെ യോഗ്യനാക്കണമേ". വൈകിട്ട് ഉറങ്ങുവാൻ പോകുമ്പോൾ ഈശ്വരനെ ധ്യാനിച്ച് കഴിഞ്ഞുപോയ പകൽ വിലയിരുത്തുക. അറിഞ്ഞുചെയ്ത തെറ്റുകളും അറിയാതെ വന്നുപോയ അബദ്ധങ്ങളും ഈശ്വരസന്നിധിയിൽ സമർപ്പിക്കുക. കുചേലന്റെ അവിൽ കണക്കെ നമുക്ക് ചെയ്യാൻ കഴിഞ്ഞ സത്കൃത്യങ്ങളും ഓർക്കാം. ശേഷം ഈശ്വരസാന്നിദ്ധ്യം മനസ്സാ അനുഭവിച്ച് പ്രാർത്ഥിക്കുക: "ഈശ്വരാ ഇന്ന് അങ്ങ് എനിക്ക് അനുവദിച്ചുതന്ന ആയുസ്സിനെപ്രതി ഞാൻ അങ്ങയെ സ്തുതിക്കുന്നു. ഈ ദിവസം അങ്ങയുടെ പ്രതിപുരുഷനായി ചില നല്ല കാര്യങ്ങൾ ചെയ്യുവാൻ അങ്ങ് എന്നെ അനുവദിച്ചുവല്ലോ. എന്നാൽ ഞാൻ ചില തെറ്റുകൾ ചെയ്തുപോയി. മാപ്പാക്കണം. ഇനി അങ്ങനെ ചെയ്യാതിരിക്കാൻ എന്നെ ബലപ്പെടുത്തണം. അറിയാതെ ചെയ്ത ചില അബദ്ധങ്ങളിൽ ഞാൻ വീണുപോയി. ഇനി അങ്ങനെ സംഭവിക്കാതെ അങ്ങ് എന്റെ രക്ഷകർത്താവായിരിക്കണം". ഇങ്ങനെ നിത്യവും ചെയ്തു ശീലിച്ചാൽ നാം നിഷ്ക്കളങ്കതയിലേക്കുള്ള തീർത്ഥാടനം തുടങ്ങിക്കഴിഞ്ഞു.

മോഷണത്തെക്കുറിച്ച് തെറ്റായ പാഠം പഠിപ്പിക്കുന്ന ഒരു തഹശീൽദാരുടെ കഥ പറഞ്ഞുവല്ലോ. അത്തരം സംഗതികൾ ഒഴിവാക്കണം. ഒപ്പം നല്ല മാതൃകകൾ മക്കൾക്ക് കൊടുക്കുകയും വേണം.

എന്റെ അച്ഛൻ പറയാതെ പറഞ്ഞുതന്ന രണ്ട് സംഗതികൾ കുറിക്കട്ടെ.

പൊതുവേ മാനംമര്യാദയായി കഴിഞ്ഞ ഒരു ബാല്യകാലം. സ്വാഭാവികമായും എനിക്ക് അടിയൊന്നും കൊള്ളേണ്ടി വന്നില്ല. ഒരിക്കലൊഴിച്ച്. അന്ന് ഏഴോ എട്ടോ വയസ്സ് പ്രായം. യുദ്ധം കഴിഞ്ഞ് ഏറെ ആയിട്ടില്ല. സ്വാതന്ത്ര്യം കിട്ടി. റിപ്പബ്ലിക് ആയില്ല. ദാരിദ്ര്യം നാട്ടിൽ നടമാടിയിരുന്നു. സർക്കാരിന്റെ നെല്ലെടുപ്പും പൊതുവിതരണവും ഉണ്ട്. അത്യാവശ്യക്കാർക്ക് സ്പെഷ്യൽ പെർമിറ്റ് കൊടുക്കാൻ നാട്ടിലെ മാന്യന്മാരെ സർക്കാർ അധികാരപ്പെടുത്തി. സർക്കാരിന് ശമ്പളം ലാഭം. എന്റെ അച്ഛന് ആ അധികാരം ഉണ്ടായിരുന്നു. അതുകൊണ്ട്, അച്ഛൻ ഞങ്ങളുടെ നെല്ല് സർക്കാരിലേക്ക് അളക്കുകയും സർക്കാരിന്റെ റേഷൻ കൊണ്ടു മാത്രം ജീവിക്കുകയും ചെയ്തുവന്നു. ഹൈസ്കൂൾ ഹെഡ്മാസ്റ്ററും വൈദികനും ആയിരുന്നതിനാൽ സ്വാഭാവികമായും ചുറ്റുവട്ടത്തുള്ളവർക്ക് മാതൃക ആകാൻ ശ്രമിച്ചു അച്ഛൻ.

ചോളക്കഞ്ഞി കുടിക്കേണ്ടു വന്നു ഒരിക്കൽ. ഇന്നത്തെപ്പോലെ യന്ത്രങ്ങളൊന്നുമില്ല ചോളം പൊടിച്ചെടുക്കാൻ. പുകയടുപ്പ് ഉപയോഗിച്ച് പലഹാരങ്ങൾ ഉണ്ടാക്കാൻ പ്രയാസം. അതുകൊണ്ടാവണം കഞ്ഞി വച്ചത്. അച്ഛൻ ഒരറ്റത്ത് കസേരയിൽ. അനിയനും (കെ. റോയ് പോൾ ഐ.എ. എസ്) ഞാനും ഓരോ സ്റ്റൂളിൽ ഇരുവശത്തുമായി. അച്ഛന്റെ ഇടതുവശത്താണ് ഞാൻ. ചോളക്കഞ്ഞി എനിക്ക് ഇഷ്ടപ്പെട്ടില്ല. ഞാൻ ചിണുങ്ങി. കരഞ്ഞോ, പരാതിപ്പെട്ടോ? ഓർമ്മയില്ല. അച്ഛന്റെ കൈ എന്റെ തലയുടെ പിൻഭാഗത്ത്. വടക്കൻ തിരുവിതാംകൂറിലെ വാക്ക് 'കിഴുക്ക്' എന്നാണ്. ഞാൻ പൊട്ടിക്കരഞ്ഞു. എനിക്ക് അച്ഛനെ വലിയ ഇഷ്ടമായിരുന്നു. അച്ഛന് എന്നെയും ഇഷ്ടമായിരുന്നില്ലേ? എന്നിട്ടും കിഴുക്ക്. വേദനയേക്കാൾ സങ്കടം ആയിരുന്നു കൂടുതൽ. "ഈ നാട്ടിൽ എല്ലാവർക്കും കഴിക്കാം. നിനക്കുമാത്രം വയ്യ. മിണ്ടാതിരുന്ന് കുടിച്ചിട്ട് എഴുന്നേറ്റ് പോടാ".

രുചികരമായ ഭക്ഷണം ഇഷ്ടമാണെങ്കിലും മുന്നിൽ കാണുന്നതെന്തും പിറുപിറുപ്പും പരാതിയും ഇല്ലാതെ കഴിക്കാൻ ഞാൻ പഠിച്ചത് ഈ സംഭവം മൂലമാണെന്ന് തോന്നുന്നു. മുപ്പത്തഞ്ച് വർഷം ഒരുമിച്ച് ജീവിച്ച സ്വർഗ്ഗസ്ഥ പത്നി ഒരിക്കൽപ്പോലും ഭക്ഷണത്തെക്കുറിച്ച് ഭർത്താവിന്റെ പരാതി കേട്ടിട്ടില്ല.

പഴയ ചോളക്കഞ്ഞിയുടെ പാഠം ഇന്നും എനിക്ക് ഗുണം ചെയ്യുന്നുണ്ട്. അമ്മയോ സഹോദരിയോ വേലക്കാരിയോ (തുണ സഹോദരി എന്ന് വിളിക്കണം) എത്ര പാടുപെട്ടാണ് ഓരോന്ന് ഉണ്ടാക്കി വിളമ്പുന്നത്? നന്നായാൽ അനുമോദിക്കണം. മോശമായാൽ പരിഭവവും പരാതിയും പറയരുത്.

മറ്റൊന്ന് കുറെക്കൂടെ മുതിർന്നിട്ടാണ് 1953. അച്ഛൻ ഹെഡ്മാസ്റ്റർ ആയിരുന്ന പെരുമ്പാവൂർ കുറുപ്പംപടി എം.ജി.എം. ഹൈസ്കൂളിൽ ആയിരുന്നു ഞാൻ പഠിച്ചുവന്നത്. പെരുമ്പാവൂരിൽ കുറെക്കൂടെ പ്രശസ്തമായ ഒരു പള്ളിക്കൂടം ഉണ്ടായിരുന്നു. ഒരു ബോർഡിംഗ് സ്കൂൾ. ആശ്രമം ഹൈസ്കൂൾ എന്ന് പേര്. എന്നോടൊപ്പം രണ്ടാംക്ലാസ് തൊട്ട് പഠിച്ചുവന്ന രാജുവിനെ ആ സ്കൂളിലേക്കാണ് മാതാപിതാക്കൾ അയച്ചത്. അപ്പോൾ എനിക്കും തോന്നി അങ്ങോട്ട് മാറണം എന്ന്. അച്ഛന്റെ മുൻപാകെ ആവശ്യം അവതരിപ്പിച്ചു. അച്ഛൻ പറഞ്ഞ മറുപടി: "നിന്നെ ആശ്രമത്തിൽ പഠിക്കാന് വിട്ടിട്ട് പിന്നെ എന്ത് ന്യായത്തിലാണ് മറ്റ് കുട്ടികളെ ഞാൻ ഈ പള്ളിക്കൂടത്തിൽ ചേർക്കുന്നത്?" സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ യോഗങ്ങളിൽ

ഞാൻ പലപ്പോഴും ഉയർത്താറുള്ള ഒരു വെല്ലുവിളിയാണ് ഇത്. മാതാപിതാക്കൾക്കും ഗുരുക്ക ന്മാർക്കും ഗുരുസ്ഥാനീയർക്കും വലിയ ഉത്തരവാദിത്തം ഉണ്ട് നല്ല മാതൃകകൾ ആയിരിക്കുക.

ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിൽ ആണ് എഞ്ചിനീയറിംഗിന് മുൻപുള്ള രണ്ട് വർഷം ഞാൻ പഠിച്ചത്. പിൽക്കാലത്ത് രാഷ്ട്രപതിയായിരുന്ന രാധാകൃഷ്ണനൊപ്പം മദ്രാസ് ക്രിസ്ത്യൻ കോളജിൽ പഠിച്ച് ഒന്നാം റാങ്ക് പങ്കിട്ട കെ.സി. ചാക്കോയും മൂന്ന് സുഹൃത്തു ക്കളും ചേർന്ന് തുടങ്ങിയ സ്ഥാപനം. ക്രിസ്തുധർമ്മ പ്രചോദിതം, ഭാരതീയതയിൽ അധിഷ്ഠിത മായ ദേശീയ ബോധം, മാനുഷ്യകം അഥവാ മാനവികതയോടുള്ള പ്രതിബദ്ധത എന്നീ സംഗതി കളാണ് ആ സരസ്വതീക്ഷേത്രത്തെ അടയാളപ്പെടുത്തിയിരുന്നത്. തുടക്കം മുതൽ ഇന്നും പ്രവേ ശനത്തിനും നിയമനത്തിനും കോഴ വാങ്ങിക്കാത്ത ധർമ്മസ്ഥാനം. അവിടെ ഒരു അദ്ധ്യാപകൻ. തോമസ്, ഒന്നാം ക്ലാസ്സും, ഒന്നാം റാങ്കും നേടിയ വ്യക്തി. പ്രശസ്തനായ ഒരു ക്രൈസ്തവ നേതാ വിന്റെ പുത്രൻ. സാഹിത്യത്തിൽ കമ്പം ഉണ്ടായിരുന്ന ഒരു യുവനിരൂപകൻ. എല്ലാംകൊണ്ടും വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ ആരാധനാപാത്രം. പിരിച്ചുവിട്ടു. എന്തിനെന്നോ? കാമ്പസിൽ സിഗരറ്റ് വലിച്ചതിന്. ഇന്നാണെങ്കിൽ കേസും പുക്കാറും ഒക്കെ ഉണ്ടായേനേ. പണ്ടും വിപ്ലവം കുറവായിരുന്നില്ല ആ കുന്നിൽ. കുറ്റിപ്പുഴ കൃഷ്ണപിള്ള അദ്ധ്യാപകനായും പി. ജി, പി. കെ. വി., ചിത്തരഞ്ജൻ തുടങ്ങിയവർ വിദ്യാർത്ഥികളായും ഇടതുപക്ഷത്തിന്റെ മുദ്ര ചാർത്തിയ ഇടം. ഒരി ലയും അനങ്ങിയില്ല. അദ്ധ്യാപകൻ മാതൃകയായിരിക്കണം എന്ന പാഠം എല്ലാവർക്കും അംഗീകരി ക്കാനായി.

ചുരുക്കിപ്പറഞ്ഞാൽ, മൂല്യങ്ങൾ പഠിക്കുന്നത് മാതൃകകൾ കണ്ടിട്ടാവണം. വിദ്യാഭ്യാസം വഴി പരിചയപ്പെടുത്താം. ആചാര്യാൽ പാദ്യമാദത്തേ. അറിവിന്റെ നാലിലൊന്ന് ആണ് ആ വഴി കിട്ടുക മാത്രമല്ല പുകവലിയുടെ ദോഷങ്ങൾ പാഠപുസ്തകം വഴി അറിയാൻ കഴിയും. അത് പഠി പ്പിക്കുന്ന അദ്ധ്യാപകൻ പുക വലിച്ചാലോ? ഏട്ടിലപ്പടി വയറ്റിലിപ്പിടി എന്നാണ് തോന്നുക. അതു കൊണ്ട് മുതിർന്നവർ-മാതാപിതാക്കൾ, ഗുരുക്കന്മാർ, ഗുരുസ്ഥാനീയർ-മൂല്യാധിഷ്ഠിത സമീപന ങ്ങളുടെ മാതൃകകളായി വർത്തിക്കാതെ സമൂഹത്തിന് മൂല്യബോധം കൈവരിക്കയില്ല.